**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4387** **25.06.2019-ൽ മറുപടിക്ക്**

## പാലക്കാട് ജില്ലയിലെ പാലങ്ങളുടെ നവീകരണം

| **ചോദ്യം**<br>**ശ്രീ.കെ.ഡി. പ്രസേനൻ** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം പാലങ്ങളാണ് പുതുക്കിപ്പണിയുന്നതിനും ബലപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (എ) പുതുക്കിപ്പണിയുന്നതിന് തീരുമാനിച്ച പാലങ്ങൾ<br>(1) ഊട്ടറപാലം (2) മംഗലം പാലം (3) വേലന്താവളം പാലം (4) കണ്ണനൂർക്കടവ് (5) ഗായത്രി പാലം (6) പുന്നപ്പാടം മമ്പാട് കോസ് വേ (7) ചെമ്മാണമ്പതിപാലം (8) കണ്ണമംഗലം പാലം, ചെമ്പ്ര പാലം (9) അമേത്തിക്കരഞാവൽക്കാട് പാലം (10) പറളി പാലം.<br>ബലപ്പെടുത്തുന്നതിനു തീരുമാനിച്ച പാലങ്ങൾ<br>ആനക്കട്ടിപാലം |
| (ബി) ആലത്തൂർ മണ്ഡലത്തിലെ ചുള്ളിമട പാലം, പറക്കന്നം പാലം, പുന്നപ്പാടം മമ്പാട് പാലം എന്നിവ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (ബി) ചുള്ളിമണപാലം:<br>Order No.PWD-001-36-PA-01 dated 26.05.2018 പ്രകാരം 9.78 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. തുടർന്ന് സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് പ്രൈസ് ഐ.ഡി RD/2017/10910 പ്രകാരം പരിശോധന പൂർത്തിയാക്കി വരുന്നു.<br>പറക്കന്നം പാലം<br>ഇൻവെസ്റ്റിഗേഷൻ വർക്ക് പൂർത്തീകരിച്ച് ഡിസൈൻ വിങ്ങിനു സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമായതിനു ശേഷം ഡി.പി.ആർ സമർപ്പിച്ച് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭ്യമാക്കി ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടാൽ മാത്രമേ പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പറയാൻ സാധിക്കുകയുള്ളൂ.<br>പുന്നപ്പാടം മമ്പാട് കോസ് വേ:<br>ഇൻവെസ്റ്റിഗേഷൻ വർക്ക് പൂർത്തീകരിച്ച് ഡിസൈൻ വിങ്ങിനു സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമായതിനു ശേഷം |

ഡി.പി.ആർ സമർപ്പിച്ച് ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭ്യമാക്കി ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടാൽ മാത്രമേ പ്രവൃത്തി എന്ന് പൂർത്തീകരിക്കുവാൻ കഴിയൂ എന്ന് പറയാൻ സാധിക്കുകയുള്ളൂ. ഈ പാലം പുതുക്കിപണിയേണ്ടുന്ന പാലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതാണ്.

സെക്ഷൻ ഓഫീസർ